File No.SJD/1673/2020-E1

<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. SJD/1673/2020-E1

തിരുവനന്തപുരം,
തീയതി. 08/07/2021

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. 7/7/2021 ലെ SJD/839/2021-E6 നം ഗസറ്റ് വിജ്ഞാപനം
2.സ.ഉ.(സാധാ) നം.152/2021/സാ.നീ.വ തീയതി.14/02/2021
3.സ.ഉ.(സാധാ) നം.370/2021/സാ.നീ.വ തീയതി.28/05/2021

സാമൂഹ്യനീതി വകുപ്പിലെ കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന ആകെയുള്ള 18 സീനിയർ സൂപ്രണ്ട് തസ്തികയിൽ 6 ഒഴിവുകൾ നിലവിലുണ്ട്. സാമൂഹ്യനീതി വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരായിരുന്ന നാലു പേർക്ക് പരാമർശം (2) പ്രകാരം ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ചതു മുഖേനയും പരാമർശം (3) പ്രകാരം കണ്ണൂർ ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ.പി.പി.നാരായണന് ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ചതു മുഖേനയും കൊല്ലം ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ടായ ശ്രീ.എസ്.എൽ.മോഹനകുമാർ 31/05/2021 ന് സേവനത്തിൽ നിന്നും വിരമിച്ചതു മുഖേനയുമാണ് ഈ 6 ഒഴിവുകൾ വകുപ്പിൽ നിലവിൽ വന്നിട്ടുള്ളത്. വകുപ്പിൽ നിലവിലുള്ള 6 സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവുകളിലേയ്ക്കും ലോവർ ഡി.പി.സി കൂടി സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള പരാമർശം (1) സെലക്ട് ലിസ്റ്റിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ 6 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദനീയമാണ്.

ഈ സാഹചര്യത്തിൽ നിലവിലുള്ള 6 സീനിയർ സൂപ്രണ്ട് തസ്തികകളിലേയ്ക്കും പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമ നം.1, 2, 3, 4, 5, 6 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം രൂപ 51400-110300 ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നല്കി അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീ. നാസർ.P K ജില്ലാ സാമൂഹ്യനീതി ഓഫീസ്.കണ്ണൂർ (ജൂനിയർ സൂപ്രണ്ട്) | സീനിയർ സൂപ്രണ്ട് ജില്ലാ സാമൂഹ്യനീതി ഓഫീസ് കണ്ണൂർ |
| 2 | ശ്രീ.ദീപു. MN ,ജില്ലാ സാമൂഹ്യനീതി ഓഫീസ്, ഇടുക്കി (ജൂനിയർ സൂപ്രണ്ട്) | സീനിയർ സൂപ്രണ്ട് ജില്ലാ സാമൂഹ്യനീതി ഓഫീസ് ആലപ്പുഴ |
| 3 | ശ്രീമതി, സ്മിത MV ജില്ലാ സാമൂഹ്യ നീതി ഓഫീസ്.എറണാകുളം (ജൂനിയർ സൂപ്രണ്ട്) | സീനിയർ സൂപ്രണ്ട് ജില്ലാ സാമൂഹ്യനീതി ഓഫീസ് എറണാകുളം |
| 4 | ശ്രീമതി . ശ്രീജചന്ദ്രൻ സാമൂഹ്യനീതി | സീനിയർ സൂപ്രണ്ട് ജില്ലാ സാമൂഹ്യനീതി ഓഫീസ് |
| | ഡയറക്ടറേറ്റ് (ജൂനിയർ സൂപ്രണ്ട്) | കൊല്ലം |

| | | |
|---|---|---|
| 5 | ശ്രീമതി .സതീദേവി. VU ,ജില്ലാ സാമൂഹ്യനീതി ഓഫീസ് മലപ്പുറം. (ജൂനിയർ സൂപ്രണ്ട്) | സീനിയർ സൂപ്രണ്ട് ജില്ലാ സാമൂഹ്യനീതി ഓഫീസ് മലപ്പുറം |
| 6 | ശ്രീമതി. ജോയ്സി സ്റ്റീഫൻ ,ജില്ലാ സാമൂഹ്യനീതി ഓഫീസ്, കോട്ടയം (ജൂനിയർ സൂപ്രണ്ട്) | സീനിയർ സൂപ്രണ്ട് ജില്ല സാമൂഹ്യനീതി ഓഫീസ് ,കാസർകോട് |
| | | |

ക്രമ നം (3) –മതായി ഉൾപ്പെട്ടിട്ടുള്ളതും എറണാകുളം വനിതാ വികലാംഗ സദനത്തിന്റെ പൂർണ്ണ മേൽനോട്ട ചുമതല നിലവിൽ നിർവഹിച്ച് വരുന്നതുമായ ശ്രീമതി.സ്മിത.എം.വി ടി സ്ഥാപനത്തിന്റെ DDO യുടെ ചുമതല കൂടി തുടർന്ന് നിർവ്വഹിക്കേണ്ടതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിയ്ക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ടും ആർ.ടി.സിയും കാര്യാലയ മേധാവികൾ അയച്ചു തരേണ്ടതുമാണ്.

(ഒപ്പ്)

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ് :</u>

1. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2. അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക്

4 സൂപ്രണ്ട്, എഫ് സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

5 ഡയറക്ടറുടെ സി.എയ്ക്ക്

6 സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്